# വ്രതം നൽകുന്ന കരുത്ത്

**എം. എം. അക്ബർ**

അല്ലാഹു പറഞ്ഞു: ‘‘നോമ്പ് എനിക്കുള്ളതാണ്; ഞാനാണ് അതിന്ന് പ്രതിഫലം നൽകുക.’’

നാം നിരവധി തവണ കേട്ട ഖുദ്സിയായ ഹദീഥ്. വ്രതം അനുഷ്ഠിക്കുന്നവന്നുള്ള അല്ലാ ഹുവിൻെറ വാഗ്ദാനം. ഹൃദയാന്തർഭാഗത്തെ വികാരവിചാരങ്ങളറിയാവുന്ന സർവശക്തനു മാത്രമെ അവൻെറ ആജ്ഞയനുസരിച്ച് പകൽ മുഴുവൻ ഭക്ഷണ പാനീയങ്ങളിൽ നിന്നും ലൈംഗിക വൃത്തിയിൽനിന്നും പൂർണമായി ഒഴിഞ്ഞുനിന്ന വർക്ക് പ്രതിഫലം നൽകാനാവൂ. അവനിൽ നിന്നുള്ള പ്രതിഫലം മാത്രമാണ് ഉപവസിക്കുന്നവർ കാംക്ഷിക്കുന്നത്. അവനിലാണ് നോമ്പുകാരൻെറ പ്രതീക്ഷ. അതുകൊണ്ടുതന്നെ ലോകമാന്യത്തിൻെറ ലാഞ്ചനപോലും നോമ്പുകാരനിലുണ്ടാവു കയില്ല. ആരുമറിയാതെ ഭക്ഷിക്കുവാനും കുടി ക്കുവാനും സൗകര്യങ്ങളുണ്ടായിട്ടും അവയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നവനിൽനിന്ന് ലോകമാന്യം കൊഴിഞ്ഞുപോകുമെന്ന കാര്യത്തിൽ സംശയമെന്തിരിക്കുന്നു? അതുകൊണ്ടുതന്നെ നോമ്പിൻെറ യാഥാർഥ്യത്തെക്കുറിച്ചറിയുക അല്ലാഹുവിന് മാത്രമാണ്. നോമ്പുകാരനായി അഭിനയിക്കാൻ ഒരാൾക്ക് കഴിയുമായിരിക്കും. യഥാർഥ നോമ്പുകാരനാകുവാൻ ആത്മാർഥതയില്ലാത്ത ആർക്കും കഴിയില്ല. അല്ലാഹുവിന് മാത്രമാണ് നോമ്പുകാരൻെറ വ്രതാനുഷ്ഠാനത്തെ അളക്കുവാനാകുക; അതുകൊണ്ടുതന്നെ പ്രതിഫലം നൽകുന്നവനും അല്ലാഹു മാത്രംതന്നെ!

വ്രതാനുഷ്ഠാനത്തെക്കുറിച്ച് പറഞ്ഞ ഈ വചനങ്ങൾ അല്ലാഹു വിൽനിന്ന് മാത്രമായി പ്രതിഫലം കാംക്ഷിച്ചു ചെയ്യുന്ന ഏതു കർമ ങ്ങളെ സംബന്ധിച്ചും ബാധകമാണ്. ഈമാനും ഇത്തിബാഉം ഇഖ്ലാസു മാണല്ലോ കർമങ്ങൾ സ്വീകരിക്കുവാനുള്ള മാനദണ്ഡങ്ങ ളായി അല്ലാഹു നിശ്ചയിച്ച കാര്യങ്ങൾ. കൃത്യവും കളങ്കരഹിത വുമായ വിശ്വാസവും പ്രവാചകചര്യയിലധിഷ്ഠിതമായ പ്രവർത്തന ങ്ങളുമാണ് യഥാക്രമം ഈമാനിൻെറയും ഇത്തിബാഇൻെറയും വിവക്ഷ. വിശ്വാസം ശരിയല്ലെങ്കിൽ കർമങ്ങളൊന്നും സ്വീകരിക്കപ്പെടുക യില്ല. പ്രവാചകചര്യയിൽ സ്ഥിരപ്പെട്ട കർമങ്ങൾ മാത്രമാണ് സൽക ർമങ്ങൾ. അതല്ലാത്ത കർമങ്ങൾക്ക് സ്വീകാര്യതയുണ്ടാവുകയില്ലെന്ന് പ്രവാചകൻ (സ) വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. വ്രതമനുഷ്ഠിക്കുന്നവന് ഈമാനുണ്ടാവണമെന്നും ഇക്കാര്യത്തിൽ പ്രവാചകനെ(സ) യാണ് അവൻ ഇത്തിബാഅ് ചെയ്യേണ്ടതെന്നും പറയേണ്ടതില്ലല്ലോ. എന്നാൽ ഇവ മാത്രം പോരാ കർമങ്ങൾ സ്വീകരിക്കപ്പെടുവാൻ; ഇഖ്ലാസുകൂടി വേണം. ഇഖ്ലാസില്ലാത്തവന് യഥാരൂപത്തിൽ വ്രതമ നുഷ്ഠിക്കാൻ കഴിയില്ല. ഈമാനും ഇത്തിബാഉമെല്ലാം ഒരു പരിധി വരെ മറ്റൊരാൾക്ക് പരിശോധിക്കാനാവും. ഇഖ്ലാസിനെ അള ക്കുവാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. അതുകൊണ്ടാണ് വ്രതമനുഷ്ഠിക്കുന്നവന് പ്രതിഫലം നൽകാൻ അല്ലാഹുവിന് മാത്രമെ കഴിയൂവെന്ന് പറയുന്നത്.

ഇഖ്ലാസ് എന്ന അറബി പദത്തെ ‘ആത്മാർഥത’യെന്നാണ് ഭാഷാന്തരം ചെയ്യാറുള്ളത്. അല്ലാഹുവിൽനിന്ന് മാത്രം പ്രതിഫലം കാംക്ഷിക്കുന്നതിനെയാണ് സാങ്കേതികമായി ഇഖ്ലാസ് എന്നു പറയാറുള്ളത്. കർമങ്ങൾക്ക് കൃത്യമായി പ്രതിഫലം നൽകുവാൻ കഴിയുന്നവനിൽനിന്നു മാത്രം അതു കാംക്ഷിക്കുകയാണ് ഇഖ്ലാസ്. ഇഖ്ലാസാണ് കർമങ്ങളുടെയെല്ലാം മജ്ജ.ഇഖ്ലാസില്ലാത്ത കർ മങ്ങളെല്ലാം വൃഥാവിലാണ്. അല്ലാഹുവിൽ നിന്നല്ലാതെ മറ്റാരിൽ നിന്നാണ് പ്രധാനമായും പ്രതിഫലം കാംക്ഷിക്കപ്പെടാറുള്ളത്? ‘ജനങ്ങളിൽ നിന്ന്’ എന്നാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. കർമങ്ങളുടെ ചേതന നഷ്ടപ്പെടുത്തുകയും ദൈവകോപത്തിന് പാത്രീഭൂത മാവുകയും ചെയ്യുകയാണ് കർമങ്ങൾക്ക് ജനങ്ങളിൽ നിന്ന് പ്രതിഫലം കാംക്ഷിക്കുന്നതുവഴി ഉണ്ടായിത്തീരുന്നത്. ജനങ്ങളാൽ ആദ രിക്കപ്പെടുന്നതിനും അവർ നല്ലവർ എന്നു വിളിക്കുന്നതിനും വേണ്ടി ചെയ്യുന്ന കർമങ്ങൾ ചെയ്യുന്നവർക്ക് പലപ്പോഴും ഇഹലോകത്ത് നിരാശയായിരിക്കും ഫലമായി ലഭിക്കുക; പരലോകത്താകട്ടെ, ദൈ വകോപത്തിൻെറ ഭവനമായ നരകവും. ജനങ്ങളെ കാണിക്കുന്നതി ന്നുവേണ്ടി മാത്രമായി അനുഷ്ഠിക്കാ നാവാത്ത ആരാധനയാണ് വ്രതാനുഷ്ഠാനം എന്നതുകൊണ്ടുതന്നെയാവാം അല്ലാഹു പ്രത്യേകമായി ‘നോമ്പ് എനിക്കുള്ളതാണ്’ എന്നു പറയാൻ കാരണം. കർമങ്ങൾക്ക് ജീവനുണ്ടാകണമെങ്കിലും പ്രതിഫലം ലഭിക്കണമെങ്കിലും അവയ്ക്ക് അല്ലാഹുവിൽ നിന്ന് മാത്രം പ്രതിഫലം കാംക്ഷിക്കണമെ ന്നും ലോകമാന്യത്തിൻെറ ലാഞ്ചനപോലും അവയിൽ ഉണ്ടായിക്കൂടെന്നും വ്യക്തമാക്കുന്ന നിരവധി നബി വചനങ്ങളുണ്ട്. ഇസ്ലാമിക പ്രബോധകരെ സംബന്ധിച്ചിടത്തോളം ഏറെ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണിതെന്ന് പറയേണ്ടതില്ല. പ്രബോധന പ്രവർത്തനങ്ങൾ ജനങ്ങളുടെ മുന്നിൽവെച്ച്

നിർവഹിക്കപ്പെടുന്നതാണ്. അതുകൊ ണ്ടുതന്നെ പ്രബോധകന് ശത്രുക്കളും മിത്രങ്ങളുമുണ്ടാവും; അയാളെ അംഗീകരിക്കുന്നവരും അവഗണിക്കുന്നവരുമുണ്ടാവും. ജനങ്ങ ളിൽ ചിലരിൽനിന്നുള്ള അംഗീകാരം അയാളെ അഹങ്കാരിയാക്കി മാറ്റിക്കൂടാ. അതോടൊപ്പംതന്നെ അംഗീകാരത്തിനുവേണ്ടി പ്രവർത്തിക്കുന്നവനായി അയാൾ മാറാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് അയാളുടെതന്നെ ചുമതലയാണ്. ജനങ്ങൾ പ്രബോധകനെ അംഗീ കരിക്കുകയോ തിരസ്കരിക്കുകയോ ആശംസിക്കുകയോ അഭിശം സിക്കുകയോ പ്രോൽസാഹിപ്പിക്കുകയോ നിരുൽസാഹപ്പെടുത്തു കയോ ചെയ്തേക്കാം. അത് അയാൾ പ്രശ്നമാക്കിക്കൂടാ. അംഗീ കാരത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ ജനങ്ങളാൽ അഭിശംസിക്കപ്പെടുമ്പോൾ നിരാശരാവുകയും കോപാകുലരാവുകയും കോപാന് ധതയാൽ തങ്ങൾ എന്താണ് പ്രവർത്തിക്കുന്നതെന്ന് തിരിച്ചറിയാതെ അബദ്ധങ്ങൾ മാത്രം ചെയ്യുന്നവരായിത്തീരുകയും ചെയ്യുമെന്നാണ് അനുഭവങ്ങൾ നമുക്ക് നൽകുന്ന പാഠം. ലോകമാന്യത്തിൻെറ ഭൗതി കഫലം ഇതാണെങ്കിൽ പരലോകത്ത് അയാൾക്ക് ലഭിക്കാൻ പോകു ന്നത് നരകശിക്ഷയും ദൈവകോപവും മാത്രമായിരിക്കുമെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്.

അതോടൊപ്പംതന്നെ ജനങ്ങളിൽനിന്ന് ആശംസാവചനങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് പ്രബോധന കൃത്യത്തിന് പുറപ്പെടുന്നവന് സത്യസന്ദേശങ്ങൾ കൃത്യവും വ്യക്തവുമായി പറയാൻ കഴിയി ല്ലെന്ന വസ്തുതയും നാം മനസ്സിലാക്കേണ്ടതുണ്ട്. സത്യത്തിൻെറ വെളിച്ചം ഇഷ്ടപ്പെടാത്തവരാണ് ജനങ്ങളിൽ ബഹുഭൂരിപക്ഷവുമെന്നതാണല്ലോ വസ്തുത. അവരിൽനിന്ന് ആശംസാവചനങ്ങൾ പ്രതീക്ഷിക്കുന്നവർക്ക് സത്യമതത്തെ വളച്ചും വിളക്കിയും അവതരി പ്പിക്കേണ്ടിവരും. അവർ അപ്പോൾ പ്രബോധനം ചെയ്യുക അല്ലാഹു വിൻെറ മതമാവുകയില്ല; പിശാചിൻെറ മതമായിരിക്കും.

നാം പ്രാർഥിക്കുക: ആത്മാർഥതയോടെ സത്യമത സന്ദേശ പ്രചാരണത്തിലേർപ്പെടുവാനും ലോകമാന്യത്തെ ചെറുത്തുതോൽ പിക്കുവാനും ഈ റമദാൻ വ്രതാനുഷ്ഠാനം നമുക്ക് കരുത്ത് പകരട്ടെ (ആമീൻ).